# പത്രക്കുറിപ്പ്

# ഓണത്തിനു രണ്ടാഴ്ച മുമ്പേ തിരുവനന്തപുരം നഗരത്തിൽ മാവേലി എത്തുന്നു

തിരുവനന്തപുരം:- തലസ്ഥാനത്ത് പൊതുജനങ്ങളുടെ ഇടയിൽ കൊറോണ ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് പോലീസിനൊപ്പം മാവേലിയെയും പങ്കെടുപ്പിച്ചുകൊണ്ട് പൊതുസ്ഥലങ്ങൾ കേന്ദ്രീകരിച്ച് കോവിഡ്-19 മാർഗ്ഗനിർദ്ദേശ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ തീരുമാനിച്ചതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

ഓണത്തിനു രണ്ടാഴ്ച മുമ്പേ തിരുവനന്തപുരം നഗരത്തിൽ മാവേലി എത്തുന്നു

ഇക്കുറി ഓണത്തിന് രണ്ടാഴ്ച മുമ്പേ തിരുവനന്തപുരം നഗരത്തിൽ മാവേലി എത്തുന്നു. പൊതുജനങ്ങൾക്കുള്ള കോറോണ ബോധവത്കരണവുമായിട്ടാണ് മാവേലി തിരുവനന്തപുരം സിറ്റിയിൽ എത്തുന്നത്. കോവിഡ് 19 രോഗവ്യാപനത്തിന്റെ തീവ്രത ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കോറോണ ബോധവത്കരണ മാർഗ്ഗനിർദ്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനായി മാവേലിയും പോലീസ് ഉദ്യോഗസ്ഥരും അതാത് സ്റ്റേഷൻ പരിധിയിലെ പൊതുസ്ഥലങ്ങൾ, മാർക്കറ്റുകൾ, കടകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ എന്നിവിടങ്ങളിൽ എത്തി ജനങ്ങളെ ബോധവത്കരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഇന്ന് (19.08.2020) രാവിലെ 10.30 മണിയ്ക്ക് പാളയം ജംഗ്ഷനിലും കണ്ണിമേര മാർക്കറ്റിലുമാണ് മാവേലി ആദ്യം എത്തുന്നത്. സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ, ഡെപ്യൂട്ടി കമ്മീഷണർ